**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 13 ബുധൻ**

---

# എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുടക്കമായി ജില്ലയിൽ 23,057 കുട്ടികൾ പരീക്ഷയെഴുതി

ആലപ്പുഴ: എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുടക്കമായി. ജില്ലയിൽ നിന്നും 23,057 വിദ്യാർഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ അറിയിച്ചു . ഇതിൽ 11,977 ആൺകുട്ടികളും 11,080 പെൺകുട്ടികളുമാണുള്ളത്. വിദ്യാഭ്യാസ ഉപജില്ല തിരിച്ചുള്ള കണക്ക് ചുവടെ- ആലപ്പുഴ 6716,കുട്ടനാട് -2183,ചേർത്തല 6622, മാവേലിക്കര 7536 .പ്രളയ ശേഷം നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവുമധികം വിദ്യാർഥികൾ പരീക്ഷ എഴുതുന്നത് മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലും ഏറ്റവും കുറവ് വിദ്യാർഥികൾ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലുമാണ്.ടെക്നിക്കൽ വിദ്യാർഥികൾ ഉൾപ്പെടെയുള്ള കണക്കാണിത്.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജിലെ ഫാർമസ്യൂട്ടിക്കൽ സയൻസ് വിഭാഗത്തിലേക്ക് ക്യാമറ ലുസിഡ, പ്രിസം ടൈപ്പ് മൈക്രോസ്കോപ് -15 എണ്ണം, ഓർഗൺ ട്രാൻസ്പ്ലാന്റേഷൻ മീറ്റിങ്ങിന് വീഡിയോ ക്യാമറ-ഒരെണ്ണം എന്നിവ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ മാർച്ച് 22 ഉച്ചയ്ക്ക് 12 വരെ നൽകാം. പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ക്വട്ടേഷൻ നൽകാം. ഫോൺ: 0477-2282015

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജിലെ ന്യൂറോളജി വിഭാഗത്തിലേക്ക് ടെൻ ടൊന്റി പേസ്റ്റ്-65എണ്ണം വാങ്ങുന്നതിനുള്ള ക്വട്ടേഷൻ മാർച്ച് 17 ഉച്ചയ്ക്ക് 12 വരെ നൽകാം. പ്രിൻസിപ്പൽ, ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ക്വട്ടേഷൻ നൽകാം. ഫോൺ: 0477-2282015

# ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്യും

ആലപ്പുഴ: ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള സബ്റീജിയണൽ സ്റ്റോറിലുള്ള ഉപയോഗശൂന്യമായ സാധനങ്ങൾ വിൽക്കുന്നതിന് സ്പീഡ് പോസ്റ്റ്/കൊറിയർ സർവീസ് മുഖേന മുദ്രവച്ച ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ നിന്നും ലഭിക്കും. ഡപ്യൂട്ടി ചീഫ് എൻജിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, ആലപ്പുഴ എന്ന വിലാസത്തിൽ മാർച്ച് 27ന് വൈകിട്ട് അഞ്ചിനകം ദർഘാസ് ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2245602.

# അന്ധകാരനഴി ഷട്ടർ ഇടൽ, യോഗം നാളെ

ആലപ്പുഴ:അന്ധകാരനഴി ഷട്ടർ അടയ്ക്കുന്നത് സംബന്ധിച്ച് സബ്കളക്ടറുടെ അധ്യക്ഷതയിൽ മാർച്ച് 15ന് ഉച്ചയ്ക്ക് 2.30ന് ചേർത്തല എസ്.എൻ.എം.ജി.ബി എച്ച്.എസ്.എസ്. ഓഡിറ്റോറിയത്തിൽ യോഗം നടത്തുമെന്ന് ചേർത്തല തഹസിൽദാർ അറിയിച്ചു.